ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:12.10.2025

## പ്രധാനവാർത്തകൾ

1. ഇന്ത്യയുടെ വികസന യാത്രയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ശക്തമാക്കുന്നതിനായുള്ള വികസിത് ഭാരത് ബിൽഡത്തോണിന് നാളെ തുടക്കമാകും.
2. പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ട് രാജ്യമെമ്പാടും ഇന്ന് പൾസ് പോളിയോ പ്രതിരോധയജ്ഞം നടന്നു. സംസ്ഥാനത്ത് യജ്ഞത്തിൻറെ ഭാഗമായത് 21 ലക്ഷത്തിലധികം കുഞ്ഞുങ്ങൾ.
3. സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഇതുവരെ 23 പേർ മരിച്ചതായി മന്ത്രി വീണാ ജോർജ്ജ്. ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്.
4. കേരളത്തിൽ വരും ദിവസങ്ങളിലും അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.
5. വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യക്കെതിരെ ഓസ്ട്രേലിയക്ക് 331 റൺസ് വിജയലക്ഷ്യം. സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ മലപ്പുറം എഫ് സി- കണ്ണൂർ വോറിയേഴ്സ് മത്സരം രാത്രി 7.30 ന്.

RNU TVPM

&&&&&&&&&&&&&&&

## വികസിത് ഭാരത് ബിൽഡഥ ത്താൺ 2025

ഇന്ത്യയുടെ വികസന യാത്രയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ശക്തമാക്കാൻ ലക്ഷ്യമിട്ടുള്ള വികസിത് ഭാരത് ബിൽഡത്തോൺ 2025-ന് നാളെ തുടക്കമാകും. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നാളെ രാജ്യവ്യാപകമായി എല്ലാ സ്കൂളുകളിലും തത്സമയ ബിൽഡത്തോൺ നടക്കും. സ്കൂളുകൾക്ക് ഈ മാസം 14 മുതൽ 31 വരെ എൻട്രികൾ സമർപ്പിക്കാം.

&&&&&&&&&&&&&&&

## പൾസ് പോളിയോ

പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ട് രാജ്യമെമ്പാടും ഇന്ന് പൾസ് പോളിയോ പ്രതിരോധയജ്ഞം നടക്കുന്നു. കേരളത്തിൽ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം പത്തനംതിട്ട കോഴഞ്ചേരി ഗവണ്മെൻറ് ഹൈസ്കൂളിൽ മന്ത്രി വീണാ ജോർജ് നിർവഹിച്ചു. കേരളത്തിൽ 5 വയസ്സിന് താഴെയുള്ള 21 ലക്ഷത്തിലധികം കുഞ്ഞുങ്ങൾക്ക് പ്രത്യേകം സജ്ജീകരിച്ച ബൂത്തുകൾ വഴിയാണ് പോളിയോ തുള്ളിമരുന്ന് നൽകുന്നത്. 22,383 ബൂത്തുകളാണ് ഇതിനായി ഒരുക്കിയത്. സ്കൂളുകൾ, അങ്കണവാടികൾ, വായനശാലകൾ, സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലെ ബൂത്തുകൾ രാവിലെ 8 മുതൽ വൈകുന്നേരം 5 വരെ പ്രവർത്തിച്ചു. ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ, ബോട്ടുജെട്ടികൾ എന്നിവിടങ്ങളിലെ ട്രാൻസിറ്റ് ബൂത്തുകൾ രാത്രി 8 വരെയും പ്രവർത്തിക്കും. ഇന്ന് ബൂത്തുകളിൽ തുള്ളിമരുന്ന് നൽകാൻ കഴിയാത്ത കുഞ്ഞുങ്ങൾക്ക്

RNU TVPM

നാളെയും, മറ്റന്നാളും സന്നദ്ധപ്രവർത്തകർ വീടുകളിൽ എത്തി തുള്ളിമരുന്ന് നൽകും.

&&&&&&&&&&&&&&&

**അമീബിക് മസ്തിഷ്ക ജ്വരം**

സംസ്ഥാനത്ത് അമീബിക്ക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന കൊല്ലം സ്വദേശിനിയാണ് മരിച്ചത്. 48 വയസായിരുന്നു. കഴിഞ്ഞ മാസം നടത്തിയ പരിശോധനയിൽ ഇവർക്ക് രോഗം സ്ഥിരീകരിച്ചിരുന്നു. സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് ജാഗ്രത കർശനമാക്കിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന ജലാശയങ്ങളിൽ കുളിക്കുന്നത് ഒഴിവാക്കണമെന്ന് നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&

**മന്ത്രി വീണാ ജോർജ്ജ്.**

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഇതുവരെ 23 പേർ മരിച്ചതായി മന്ത്രി വീണാ ജോർജ്ജ്. ഇതുവരെ 104 കേസുകളാണ് റിപ്പോർട്ട് ചെയ്തത്. കൊല്ലം, തിരുവനന്തപുരം, ജില്ലകളിലാണ് കൂടുതൽ രോഗബാധയെന്നും കോഴിക്കോടും മലപ്പുറത്തും കേസുകളുടെ എണ്ണം വർദ്ധിക്കുന്നതായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

**ചാമ്പ്യൻസ് ബോട്ട് ലീഗ് / (ഇൻട്രോ)**

RNU TVPM

സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരം ഇന്ന് ചാലിയാർ പുഴയിൽ നടന്നു. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നിന്നുള്ള 14 ചുരുളൻ വള്ളങ്ങളെ ഉൾപ്പെടുത്തികൊണ്ടുള്ള മത്സരങ്ങൾ മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. അഴിക്കോടൻ അച്ചാംതുരുത്തി ചാംപ്യൻമാരായി. പാലിച്ചോൻ അച്ചാംതുരുത്തി എ ടീം രണ്ടാം സ്ഥാനവും എകെജി പോടോത്തുരുത്തി എ ടീം മൂന്നാം സ്ഥാനവും നേടി. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാപ്രതിനിധി നസീർ ബാബു

&&&&&&&&&&&&&&&

<u>ശബരിമല ഹൈക്കോടതി</u>

ശബരിമല സ്വർണപാളി വിഷയത്തിൽ ഹൈക്കോടതി നിർദേശപ്രകാരം ജസ്റ്റിസ് ശങ്കരൻ്റെ നേതൃത്വത്തിൽ ഇന്നും ഇന്നലെയുമായി പരിശോധനകൾ നടന്നു. ഇന്നലെ സന്നിധാനത്തെ താത്ക്കാലിക സ്ട്രോങ് റൂമിൽ പരിശോധന ആരംഭിച്ചപ്പോൾ മുതൽ വഴിപാട് സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ, മഹസർ എന്നീ രേഖകൾ തമ്മിലും, യഥാർത്ഥ സ്റ്റോക്കുമായും വലിയ വൈരുദ്ധ്യം കണ്ടെത്തിയതായാണ് വിവരം. ദ്വാരപാലക ശിൽപ്പങ്ങളുടെ പാളികളും, പഴയ വാതിലുകൾ, കട്ടിള എന്നിവ ഉൾപ്പടെയുള്ളവയുടെ പരിശോധനയും നടന്നു. സന്നിധാനത്തെ പരിശോധന പൂർത്തിയാക്കിയ ശേഷം തങ്ക അങ്കി അടക്കം തിരുവാഭരണങ്ങളും, വഴിപാട് സാമഗ്രികളും സൂക്ഷിച്ചിട്ടുള്ള ആറന്മുളയിലെ സ്ട്രോങ് റൂമിലും പരിശോധന നടത്തിയിരുന്നു.

&&&&&&&&&&&&&&&

RNUTVPM

## ദേവസ്വം ബോർഡ് പ്രസിഡന്റ്

കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചാണ് ശബരിമലയിലെ സ്വർണ്ണപ്പാളി കൊണ്ടുപോയതെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി എസ് പ്രശാന്ത്. തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇത്തവണ സ്വർണ്ണപ്പാളി കൊണ്ടുപോയതിൻറെ ഉത്തരവാദിത്തം ദേവസ്വം ബോർഡിനാണ്.1998 മുതൽ 2025 വരെയുള്ള ഏത് കാര്യവും ഉദ്യോഗസ്ഥർ അന്വേഷിക്കട്ടെയെന്നും ശബരിമലയുമായി ബന്ധപ്പെട്ട ദുരൂഹതകളെല്ലാം അവസാനിപ്പിക്കണമെന്നാണ് ദേവസ്വം ബോർഡിൻറെ നിലപാടെന്നും പി എസ് പ്രശാന്ത് പറഞ്ഞു.

&&&&&&&&&&&&&&&

## ശബരിമല. വി ഡി സതീശൻ

ശബരിമല സ്വർണപാളി വിഷയത്തിൽ രാഷ്ട്രീയ നേതൃത്വത്തിലുള്ളവർക്ക് പങ്കുണ്ടെന്ന് വ്യക്തമാക്കുന്നതാണ് നിലവിലെ എഫ്.ഐ.ആർ എന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ. ഈ സാഹചര്യത്തിൽ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ സർക്കാരിനും ദേവസ്വം വകുപ്പിനും കഴിയില്ല. ദേവസ്വം മന്ത്രി രാജിവയ്ക്കുകയും ഗൂഡാലോചന നടത്തിയ ദേവസ്വം ബോർഡ് പിരിച്ചുവിടുകയും വേണം എന്ന് അദ്ദേഹം പ്രസ്താവനയിൽ ആവശ്യപ്പെട്ടു. കേസിൽ 2019 -ലെ ദേവസ്വം ബോർഡ് പ്രസിഡൻറും അംഗങ്ങളും പ്രതികളായ സാഹചര്യത്തിൽ അന്നത്തെ ദേവസ്വം മന്ത്രിയുടെ പങ്കിനെ കുറിച്ചും അന്വേഷിക്കണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&

RNU TVPM

**യുവജന പ്രതിഷേധം - യുവമോർച്ച**

ശബരിമലയിൽ സ്വർണ്ണപ്പാളി വിവാദത്തിൽ യുവമോർച്ചയുടെ നേതൃത്വത്തിൽ നാളെ രാവിലെ സെക്രട്ടറിയേറ്റ് മാർച്ച് നടത്തും. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ മാർച്ച് ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&

**മുനമ്പം യോഗം - മുഖ്യമന്ത്രി**

മുനമ്പം വഖഫ് ഭൂമി വിഷയത്തിൽ, ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ ശുപാർശകളിലെ തുടർനടപടി ചർച്ച ചെയ്യാൻ, മുഖ്യമന്ത്രി വിളിച്ച യോഗം നാളെ നടക്കും. ഹൈക്കോടതി ഉത്തരവിൻറെ അടിസ്ഥാനത്തിൽ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കാനുള്ള തുടർ നടപടികളാണ് ചർച്ച ചെയ്യുക.

&&&&&&&&&&&&&&&

**കിൻഫ്ര സ്പൈസസ് പാർക്ക് (ഇൻട്രോ)**

RNU TVPM

സുഗന്ധവിളകളുടെ നാടായ ഇടുക്കിയിലെ കിൻഫ്ര സ്പൈസസ് പാർക്കിൻ്റെ രണ്ടാം ഘട്ട നിർമ്മാണം അതിവേഗം പുരോഗമിക്കുന്നു. തൊടുപുഴയ്ക്കടുത്ത് മുട്ടം തുടങ്ങനാട്ടില 36 ഏക്കറിലാണ് ആധുനിക സൗകര്യങ്ങളോടെയുമുള്ള സ്പൈസസ് പാർക്ക്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

**(വോയിസ്)**

&&&&&&&&&&&&&&&

## വനിതാ ഏകദിന ക്രിക്കറ്റ്

ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യക്കെതിരെ ഓസ്ട്രേലിയക്ക് 331 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 48.5 ഓവറിൽ 330 റൺസിന് പുറത്തായി. ഇന്ത്യക്കായി ഓപ്പണർമാരായ പ്രതിക റാവലും സ്മൃതി മന്ഥാനയും അർധ സെഞ്ച്വറി നേടി.

**&&&&&&&&&&&&&&&**

## IND-WI CRICKET TEST

ഇന്ത്യക്കെതിരെ ഡൽഹിയിൽ നടക്കുന്ന രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ വെസ്റ്റിൻഡീസ് പൊരുതുന്നു. ഒന്നാം ഇന്നിംഗ്സിൽ ഫോളോ ഓൺ നേരിട്ട വെസ്റ്റിൻഡീസ് മൂന്നാം ദിനം കളി നിർത്തുമ്പോൾ രണ്ടാം ഇന്നിംഗ്സിൽ 2 വിക്കറ്റിന് 173 റൺസ് എടുത്തിട്ടുണ്ട്. ആദ്യ ഇന്നിംഗ്സിൽ വെസ്റ്റിൻഡീസ് 248 റൺസിന് പുറത്തായി. ഇന്ത്യ ഒന്നാം ഇന്നിംഗ്സ് 5 ന് 518 റൺസിൽ ഡിക്ലയർ ചെയ്തിരുന്നു.

RNU TVPM

**&&&&&&&&&&&&&&&**

## സൂപ്പർ ലീഗ് കേരള

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം എഫ് സി - കണ്ണൂർ വോറിയേഴ്സിനെ നേരിടും. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം.

**&&&&&&&&&&&&&&&**

## മഴ

കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് തിരുവനന്തപുരം , കൊല്ലം, പത്തനംതിട്ട ,കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ എന്നീ 8 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിനു വിലക്കുണ്ട്.

&&&&&&&&&&&&&&&

## ആദ്യ ഡിജിറ്റൽ കൃഷിഭവൻ

സംസ്ഥാനത്തെ ആദ്യ ഡിജിറ്റൽ കൃഷിഭവൻ എന്ന ബഹുമതി മലപ്പുറം ജില്ലയിലെ വാഴയൂർ കൃഷിഭവന്. 'കിസാൻ ഫ്രൻഡ്" വെബ് പോർട്ടലിൻ്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡൻറ് ടി.പി. വാസുദേവൻ നിർവഹിച്ചു. വെബ് പോർട്ടൽ നിലവിൽ വന്നതോടെ കൃഷിഭവൻ പൂർണമായും കടലാസ് രഹിത ഓഫീസായി മാറി.

RNUTVPM

&&&&&&&&&&&&&&&

## വിഷൻ 2031-പൊതുവിദ്യാഭ്യാസ വകുപ്പ്

"വിഷൻ 2031" ൻ്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന തല വികസന സെമിനാർ നാളെ തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി ചടങ്ങിൽ അധ്യക്ഷത വഹിക്കുന്ന പരിപാടിയിൽ ' മികവിൻ്റെ 9 വർഷങ്ങൾ' റിപ്പോര്ട്ട് അവതരിപ്പിക്കും. തുടർന്ന് വിവിധ വിഷയങ്ങളിൽ പാനൽ ചർച്ചകളുമുണ്ടാകും.

&&&&&&&&&&&&&&&

## ധനകാര്യ സെമിനാർ

സംസ്ഥാനത്തിൻറെ കഴിഞ്ഞകാല പുരോഗതി വിലയിരുത്തുന്നതിനും വികസന ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിനുമായി സംഘടിപ്പിക്കുന്ന 'വിഷൻ 2031' സെമിനാർ നാളെ കൊച്ചിയിൽ നടക്കും. 'ധനകാര്യ വകുപ്പ്: നേട്ടങ്ങളും ഭാവികാഴ്ചപ്പാടുകളും' എന്ന വിഷയത്തിലാണ് സെമിനാർ. മന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷനാകും.

&&&&&&&&&&&&&&&

&&&&&&&&

&&

RNU TVPM